പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7594 | 17.07.2012 ൽ മറുപടിയ്ക്ക് |
|---|---|
| സബല പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി കേന്ദ്രങ്ങൾ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) അംഗൻവാടി കേന്ദ്രങ്ങൾ വഴി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.<br>1. അംഗൻവാടികളിൽ കൂടിയുള്ള തീം അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം.<br>2. ഐസിഡിഎസ് ഗുണഭോക്താക്കൾക്കുള്ള അനുപൂരക പോഷകാഹാര വിതരണവും വളർച്ചാ നിരീക്ഷണവും<br>3. പ്രതിരോധ കുത്തിവയ്പ്<br>4. ആരോഗ്യപരിശോധനയും റഫറൽ സർവ്വീസും<br>5. ആരോഗ്യ പോഷണ വിദ്യാഭ്യാസം<br>കൂടാതെ അംഗൻവാടി കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കു വേണ്ടി സബല, കിശോരിശക്തിയോജന എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. മാത്രമല്ല പഞ്ചായത്തിന്റെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. |
| (ബി) പ്രസ്തുത കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സബല പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; | (ബി) ഒരു പൈലറ്റ് പ്രോജക്ട് ആയി 2010-11 വർഷം മുതൽ നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയായ 'സബല', കേരളത്തിൽ മലപ്പുറം, പാലക്കാട്, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| (സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെണ് വ്യക്തമാക്കുമോ ? | (സി) ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സെൽഫ് ഡവലപ്മെന്റും, ശാക്തീകരണവും<br>2. അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.<br>3. ആരോഗ്യം, ശുചിത്വം, പോഷണം, അഡോളസന്റ് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത്, കുടുംബം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവു നൽകുക.<br>4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഹോം-ബേസ്ഡ് സ്കിൽസ്, ലൈഫ് സ്കിൽസ് എന്നിവ ഉയർത്തുകയും എൻഎസ്ഡിപി (നാഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം)യുമായി യോജിപ്പിച്ച് അവരുടെ വൊക്കേഷണൽ സ്കിൽസ് അപ്ഗ്രേഡ് ചെയ്യുക.<br>5. കൗമാരപ്രായക്കാരായ ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ ഔപചാരികവും, അനൗപചാരികവുമായ വിദ്യാഭ്യാസം മെയിൻസ്ട്രീം ചെയ്യുക.<br>6. പിഎച്ച്സി, സിഎച്ച്സി, പോസ്റ്റ്ഓഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ നിലവിലുള്ള പബ്ലിക്ക് സർവ്വീസുകളെ സംബന്ധിച്ച് പെൺകുട്ടികൾക്ക് അറിവും മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ